Vol. 03 / No. 01 2026 July 25

CATHEDRAL News

THE ONLINE OFFICIAL NEWS BULLETIN

**EDITORIAL BOARD**

Chairman
Fr. Abraham Karamel

Chief Editor
Fr. Sibi Mathew Varghese

Editor
Mr. Davis John

Members
Mr. Baisy George

Mr. Eldhose John

Dr. Nishin John

Mr. Thomas John

Dr. Naveen Jacob

Mrs. Jisha Anil

Mr. Joshy Daniel

Mrs. Mereya Ajith

## എഡിറ്റോറിയൽ

മലമുകളിൽ തേജസ്സിൽ മുങ്ങിനിൽക്കുന്ന ഗുരുവിനെ കണ്ടപ്പോൾ ശിഷ്യന് ഒരു പൂതി... ശിഷ്ടകാലം നമുക്ക് ഇവിടെയങ്ങു താമസിച്ചാലോ. മൂന്നു കൂടാരമടിക്കാം; ഒന്നു ഗുരുവിന്, ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയാവിന്. ആത്മവിവശതയിൽ തന്നെത്തന്നെ മറന്നുപോകുന്ന ശിഷ്യൻ. ഒരു തികഞ്ഞ ഭക്തന്റെ എല്ലാ ലക്ഷണവുമില്ലേ? 'യേശുവോട് ചേർന്നിരിപ്പതെത്ര മോദമേ' എന്ന് ദിനവും പാടുന്ന, 'ഉപവസിക്കുകയെന്നാൽ അടുത്ത് വസിക്കുക' എന്ന് ധ്യാനിക്കുന്ന യഥാർത്ഥ ക്രിസ്ത്യാനിയുടെ മനോഭാവം അല്ലേ? പത്രോസ് ഇങ്ങനെ മൊഴിഞ്ഞപ്പോൾ ശരിക്കും യോഹന്നാന്റെയും യാക്കോബിന്റെയും മനസ്സിൽ ലഡ്ഡു പൊട്ടി. എന്തെല്ലാം സ്വപ്നങ്ങൾ നിമിഷനേരംകൊണ്ട് കണ്ടുകാണും. മലയുടെ മുകളിൽ ഞാനും എന്റെ യേശുവും അത്യാവശ്യം രണ്ടു ചങ്ങാതിമാരും പിന്നെ മോശയും ഏലിയാവും. ആഹാ അന്തസ്സ്. രാവിലെ എഴുന്നേൽക്കുന്നു, പ്രാർത്ഥിക്കുന്നു, കാപ്പി കുടിക്കുന്നു, വീണ്ടും പ്രാർത്ഥിക്കുന്നു, വേദശാസ്ത്രം പഠിക്കുന്നു, വീണ്ടും പ്രാർത്ഥന, കുശലം പറച്ചിൽ, പാചകം, പഠനം, സന്ധ്യ, സൂത്താറാ, ഉറക്കം... ആഹാ എന്ത് സുഖം. എന്താടാ വിജയാ ഈ ബുദ്ധി നമുക്ക് നേരത്തേ തോന്നാത്തത് എന്നമട്ടിൽ അവർ പത്രോസിനെ ഒന്നു നോക്കി. എന്തോ വല്യ വർത്തമാനം പറഞ്ഞ ചാരിതാർത്ഥ്യത്തിൽ പത്രോസ് നെഞ്ചുവിരിച്ചു നിന്നു. എന്നാൽ അല്പം സഹതാപത്തോടെ കർത്താവ് അവനെ അടിമുടി ഒന്നു നോക്കി. നീ കൊള്ളാമെല്ലോടാ എന്നു മനസ്സിൽ പറഞ്ഞുകാണും. ആ നോട്ടത്തിൽ പത്രോസ് ഒന്നു ചൂളി. കർത്താവിന്റെ പളുപളുത്ത കുപ്പായവും, വല്യ പ്രകാശവുമൊക്കെ കണ്ടപ്പോൾ മലമുകളിലെ ആത്മവിവശതയിൽ ഒരു നിമിഷം പത്രോസ് സകലതും മറന്നു. താഴ്‌വാരത്തു തങ്ങളെ കാത്തിരിക്കുന്ന ചങ്ങായിമാരെ, സൗഖ്യത്തിനായി കേഴുന്ന രോഗികൾ, അപ്പകഷണത്തിനായി കാത്തിരിക്കുന്ന പതിനായിരങ്ങൾ, എല്ലാത്തിലുമുപരി ഓരോരുത്തനും ചുമക്കേണ്ട കുരിശ്. എല്ലാം വിട്ട് മലമുകളിലെ മുനിയെപ്പോലെ ഇരിക്കാൻ പ്രത്യേകിച്ച് ആയാസമൊന്നും വേണ്ടല്ലോ. ഒന്നാലോചിച്ചാൽ മലമുകളിലെ വാസം എത്ര മനോഹരമാണ്, അതിലേറെ സുരക്ഷിതമാണ്. അന്നുമുതൽ മലമുകളിൽത്തന്നെ കൂടാരമടിച്ചു താമസിച്ചിരുന്നെങ്കിൽ ആരും ക്രിസ്തുവിനെ തൊടില്ലായിരുന്നു. ഒരു കഷ്ടതയും കുരിശും ഏൽക്കേണ്ടി വരില്ലായിരുന്നു. എന്നുമാത്രമല്ല ആ മലയിൽ അല്പം ആത്മീയ ടൂറിസം (Spiritual Tourism) മുന്നിൽകണ്ടു പ്രവർത്തിച്ചാൽ പത്തു കാശും ഉണ്ടാക്കാം. എന്നാൽ അവൻ അവതരിപ്പിക്കുന്ന ശുശ്രൂഷ അതല്ലല്ലോ.

നമ്മുടെ ഇടയിലുമുണ്ട് അങ്ങനെ പുറം ലോകം ഇന്നുവരെയും സ്പർശിക്കാത്ത ഭക്ത കോമരങ്ങൾ. വെറുതെ ആത്മവിവശതയിൽ തുള്ളാനല്ലാതെ പരിക്കേൽക്കാൻ മനസില്ലാത്ത ശിഷ്യത്വത്തിന്റെ ഉടമകൾ. പക്ഷേ വിശുദ്ധ വേദം പറയുന്നു, 'അനന്തരം അവൻ മലയിൽ നിന്നിറങ്ങി സമതലത്തു/താഴ്‌വാരത്തു നിന്നു'. കാരണം അവനറിയാം, മലമുകളിലെ കൂടാരമല്ല മറിച്ചു താഴ്‌വാരത്തെ കുരിശാണ്

തനിക്കുള്ള സമ്മാനമെന്ന്. പളുപളുത്ത കുപ്പായമിട്ടു പദവിയിൽ കയറിനിൽക്കുമ്പോൾ, അധികാരത്തോടെ സമാധാനം ആഞ്ജാപിക്കുമ്പോൾ ഇതുകൊള്ളാമെന്നൊരു തോന്നലൊക്കെയുണ്ട്. പക്ഷേ പദവികളിൽ നിന്നും താഴെക്കിറങ്ങാനാണ് കല്പന. കൂടാരപ്പെരുന്നാൾ, മലമുകളിൽ സ്വാർത്ഥതയുടെ, സുരക്ഷിതത്വത്തിന്റെ കൂടാരമടിക്കാനല്ല ക്രിസ്തുവിന്റെ ആഹ്വാനം. മറിച്ച് സുരക്ഷിത കൂടാരങ്ങൾ വിട്ട് താഴ്‌വാരത്തെ പരുപരുത്ത യാഥാർഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനാണ് അവൻ നമ്മെ നിരന്തരം പ്രേരിപ്പിക്കുന്നത്.

**ഫാ. സിബി മാത്യു വർഗീസ്**
ചീഫ് എഡിറ്റർ



## ജന്മദിനം ആഘോഷിച്ചു

ഇടവക മെത്രാപോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ 74-ാമത് ജന്മദിനം 28-06-2026 ഞായറാഴ്ച സമുചിതമായി ആഘോഷിച്ചു. അന്നേദിവസം അഭിവന്ദ്യ തിരുമേനി വി. കുർബാന അർപ്പിച്ചു. തുടർന്നു നടന്ന അനുമോദനസമ്മേളനത്തിൽ അങ്കമാലി ഭദ്രാസന മെത്രാപോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനി അധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ MLA അഡ്വ. മാത്യു കുഴൽ നാടൻ, ആറന്മുള MLA അഡ്വ. അബിൻ വർക്കി, മൂവാറ്റുപുഴ ചെയർപേഴ്സൺ ശ്രീമതി. ജോയ്സ് മേരി ആന്റണി, വാർഡ് കൗൺസിലർ ശ്രീമതി. രാജശ്രീ രാജു എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. അടുത്ത വർഷം 75-ാമത് ജന്മദിനത്തിൽ ഭവനരഹിതരായ ഒരു കുടുംബത്തിന് ഭവനം നിർമ്മിച്ചു നൽകുവാൻ തക്കവണ്ണം 'ജൂബിലി ഭവന പദ്ധതിക്ക്" അന്നേദിവസം തുടക്കം കുറിച്ചു. നമ്മുടെ ഇടവകയിൽ നിന്നും ഭദ്രാസനത്തിലെ മറ്റു ഇടവകകളിൽ നിന്നും വൈദീകരും വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു. വികാരി ഫാ. എബ്രഹാം കാരാമേൽ, സഹവികാരി ഫാ. സിബി മാത്യു വർഗീസ്, ഫിനാൻസ് സൂപ്രണ്ടന്റ് ശ്രീ. ബെയ്സി ജോർജ്, സെക്രട്ടറി ശ്രീ. എൽദോസ് ജോൺ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.




















## കൽകുരിശ് കൂദാശ ചെയ്തു

നമ്മുടെ ഇടവകാംഗം കാട്ടൂപ്പാടത്ത് ശ്രീ. ബേബി കുര്യൻ നൽകിയ സ്ഥലത്തു സ്ഥാപിച്ച കൽകുരിശിന്റെ താത്കാലിക കൂദാശ 02-08-2026 ഞായറാഴ്ച പ്രാർത്ഥന യോഗത്തിനു ശേഷം നടന്നു. തൊടുപുഴ-കിഴക്കേക്കര പ്രാർത്ഥനയോഗത്തിന്റെ നേതൃത്വത്തിൽ കുരിശിന്റെ അലങ്കാരപണികൾ പുരോഗമിക്കുന്നു.







ലേഖനം

ഫാ. അജീഷ് ബാബു



# പെൺകരുത്ത്

In the birth of the Son of God, womanhood unveils its quiet yet radiant strength.

ആരും തുണയില്ലാത്ത ആ തോന്നൽ, അവളുടെ ഉള്ളിലെ വലിയൊരു ശക്തിയായി മാറും. തന്റെ കണ്ണീരു തുടയ്ക്കാൻ മറ്റൊരാൾ വരില്ലെന്ന തിരിച്ചറിവിൽ, അവൾ സ്വന്തം കൈകൾ കൊണ്ട് തന്നെ തന്റെ ജീവിതം തുന്നിച്ചേർക്കാൻ പഠിക്കുന്നു.

പുരുഷസ്പർശം ശരീരത്തിൽ അനുഭവിക്കാതെ ഒരു കുഞ്ഞിന് ജന്മം നൽകുവാൻ ചരിത്രത്തിൽ സ്ത്രീ എടുക്കുന്ന തന്റേടം പുരുഷന്റെ സ്ത്രീ ശരീരത്തിന്റെ മേലുള്ള എല്ലാ അധികാര ഘടനകളെയും വെല്ലുവിളിക്കുന്നതാണ്. അതാണ് മറിയം ഏറ്റെടുക്കുന്നത്. അങ്ങനെ ജൂത മതത്തിന്റെ പുരുഷകേന്ദ്രീകൃതമായ അധികാര ഘടനകളെ അവൾ സ്വയം ചേർത്തു തോൽപ്പിക്കുന്നു. തനിക്കുണ്ടാകുന്ന ദൈവിക ദർശനത്തിലൂടെ.

**അവളിൽ ദൈവം:**

സമർപ്പണത്തിന്റെ നൂലുകളാൽ നെയ്ത ഓർമ്മകളിൽ അലിഞ്ഞുചേരുന്ന ഒരു മൗനശബ്ദമാണ് മറിയം. ദൈവം തന്റെ പ്രണയത്തെ ഒരു മാലാഖയുടെ ചിറകുകളിൽ കെട്ടിപ്പിടിച്ച് അവളുടെ അരികിലേക്ക് ഇറങ്ങിവന്നപ്പോൾ, ലോകം മുഴുവൻ കാണാതെ പോകുന്ന ഒരു ശാന്തനിശയുടെ ഉദയാസമയമായിരുന്നു അത്. അവൾ ഒറ്റയ്ക്ക്. പക്ഷേ, ആ ഏകാന്തതയുടെ പാളികളിൽ അസാധാരണമായ ഒരു ദൈവികതയുടെ സ്നേഹം കവിഞ്ഞൊഴുകി.

ജീവിതത്തിൽ ഏറ്റെടുക്കാൻ കഴിയാത്ത കുറ്റഭാരങ്ങളായി തോന്നുന്ന വേദനകളെ പോലും ദൈവം അവളുടെ കൈകളിലേക്ക് വച്ചുകൊടുത്തപ്പോൾ അവളുടെ ഒറ്റപ്പെടൽ തന്നെയാണ് അവളെ ഏറ്റവും ശക്തിയായി തീർത്തത്.

പരമ്പരാഗത ഘടനകളിൽ ഒരു സ്ത്രീയുടെ ജീവിതം, എത്രയോ രാത്രികളിൽ ഒച്ചവച്ച് കരഞ്ഞാലും ആ കരച്ചിലിന്റെ നടുക്കം ഭിത്തികൾക്കിടയിലൂടെ ചെരിഞ്ഞിറങ്ങി വിള്ളുന്ന നിശ്ശബ്ദതയിൽ വീണ്ടുമൊരു തരംഗമായി മടങ്ങിയെത്തും.

**ശബ്ദം തിരിച്ചു തരുന്ന ഈ ലോകം:**

അവളെ പിടിച്ചുയർത്താൻ കൈ നീട്ടാത്ത ലോകം. അവളുടെ ഹൃദയത്തിനൊപ്പമുള്ള ഏക കൂട്ടുകാരനായി ഒരു ഭീകരമായ ശൂന്യതയെ മാത്രം അവശേഷിപ്പിക്കുന്നു. ആ ശൂന്യതക്ക് രൂപം ഇല്ല; അതിന് മുഖവുമില്ല, ആശ്വാസവുമില്ല. അതൊരു തണുത്തറവായിരുന്നു. അവളുടെ ശ്വാസത്തെ മുട്ടിച്ചുവയ്ക്കുന്ന, തന്റേതായ ഹൃദയമിടിപ്പുകളെ പോലും അനാഥമായ ശബ്ദംപോലെ തോന്നിപ്പിക്കുന്ന ആഴമുള്ള ഒരു അന്ധകാരം. എങ്കിലും ആ ഇരുട്ടിൽ തന്നെയാണ് കാലുകൾ വിറച്ച് വീണുകിടക്കുന്ന സ്ത്രീ വീണ്ടും മെല്ലെ എഴുന്നേൽക്കാൻ പഠിക്കുന്നത്.

ആരും ചോദിച്ചറയാത്ത വേദനകൾ ഒരിക്കലും പരാജയപ്പെടാത്ത ഒരു അഗ്നിയായി അവളുടെ ഉള്ളിൽ നിശ്ശബ്ദമായി തെളിയുന്നു. ദുഃഖം പൂത്തുലഞ്ഞു കത്തുന്ന ആ നിമിഷങ്ങളിൽ, അവൾ ഒരു മഹാനദി പോലെ മാറുന്നു. ആദ്യം തളരുന്നുവെങ്കിലും, ഒരിക്കൽ പാഞ്ഞൊഴുകാൻ തുടങ്ങുമ്പോൾ തടസ്സങ്ങൾക്കുമീതെ വഴിയൊരുക്കുന്ന ഒരു ശക്തിയായി.

"എന്റെ കണ്ണീർ തുടയ്ക്കാൻ മറ്റാരും വരില്ല" എന്ന തിരിച്ചറിവ് ആദ്യം ഹൃദയം തകർക്കും. പക്ഷേ പിന്നീട്, അതേ തിരിച്ചറിവ് തന്നെയാണ് അവൾക്ക് പുതിയൊരു ജീവിതം പണിയാൻ ആഴത്തിലുള്ള ധൈര്യമായി വളരുന്നത്. അവൾ പിന്നെ സാവധാനം സ്വന്തം ഹൃദയത്തിന്റെ ചിതറിച്ചുകിടക്കുന്ന ചുരുകൾ ഒന്നൊന്നായി കൂട്ടിച്ചേർക്കാൻ തുടങ്ങി, ഒരു മന്ത്രവാദിനിപോലെ വേദനയെ നൂലാക്കി ജീവിതം തുന്നിത്തുടങ്ങി.

പുറംലോകം ഒരിക്കലും കേൾക്കാത്ത തീവ്രമായ ഒരു നിശ്ശബ്ദതയുണ്ട്. അവൾ ആ നിശ്ശബ്ദതയിൽ ഇരുന്നു തന്റെ തന്നെ അന്ധകാരണത്തെ കേൾക്കുന്നു; അതിന്റെ ചെരിവുകളിൽ നിന്നാണ് അവൾ തന്റെ അതിജീവനത്തിന്റെ ആദ്യ രേഖ വരയ്ക്കുന്നത്.

ആ രേഖ ഒടുവിൽ ഒരു മരുഭൂമിയിൽ പൂക്കുന്ന നീലത്താമരപോലെ വിപുലമായ ആകാശങ്ങളായി വിരിയുന്നു. ആകാശം അവളെ തേടിയെത്തുന്നതല്ല; അവൾ തന്നെയാണ് ആകാശത്തെ കണ്ടെത്തുന്നത്, കരഞ്ഞു കീറിയ രാത്രികളുടെ ചിതറിച്ചുനിൽക്കുന്ന അവശിഷ്ടങ്ങളിൽ നിന്നുമാണ് ഊർജ്ജമുള്ള ഒരു പുതിയ ലോകം അവൾ പണിയുന്നത്. ആ ലോകം, ഒരിക്കൽ അവളെ തളർത്തിയ അവൾ തന്നെയാണ് ഇപ്പോൾ കൈവശപ്പെടുത്തുന്നത്.

അമിത സങ്കടങ്ങളിൽ ഒറ്റപ്പെട്ടുപോയവർ ഇനി സങ്കടപ്പെടരുത്; ദൈവം ഒരു മനുഷ്യഹൃദയം തിരഞ്ഞെടുക്കുമ്പോൾ അതിനെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. മറിച്ച് എല്ലാ സഹനങ്ങളെയും നേരിടാൻ കരുത്തുകൂടി നൽകും, തീർത്തും ഒറ്റയ്ക്കാക്കില്ല.

**പ്രണയം:**

മറിയം ദൈവം ഭൂമിയെ പ്രണയിക്കാൻ തിരഞ്ഞെടുത്ത സ്ത്രീയാണ്. ഒരു സ്ത്രീയുടെ ഹൃദയം തന്നെയാണ് ദൈവത്തിന്റെ ഭൂമിയിലേക്കുള്ള ആദ്യനടപ്പാത. എന്നാൽ, ഈ പ്രണയം മനുഷ്യർക്കു പുറത്തുനിന്നു നോക്കുമ്പോൾ മനസ്സിലാകാത്തത്ര ദുഃഖങ്ങളാൽ നിറഞ്ഞതുമായിരുന്നു. ദൈവത്തിന്റെ പ്രണയം സന്തോഷത്തിലേക്കുകൊണ്ട് പോകുന്ന ഒരു പാതയല്ലെന്ന് പലപ്പോഴും നമുക്ക് തോന്നും; ചിലപ്പോൾ അത് പെട്ടെന്നുള്ള ഇരുട്ടുകളിലേക്ക് ചാടിച്ചെല്ലുന്ന ഒരു നിശ്ശബ്ദ യാത്ര പോലും.

അതുകൊണ്ടാണ് ഈ വഴികൾ ആദ്യം സുരക്ഷിതമെന്ന് തോന്നാതെ നൊമ്പരഭരിതമായിത്തീരുന്നത്. ഈ ദുഃഖങ്ങൾ ഒന്നും മറിയത്തിനൊരു പരാതി ആയിരുന്നില്ല. അവളുടെ ജീവിതത്തിന്റെ വാക്കുകൾ എല്ലാം ദൈവത്തിനുവേണ്ടി എഴുതിയവയാണ്.

**ദൈവമാതാവിന്റെ രൂപം:**

മനുഷ്യരുടെ കയ്പ്പുമധുരമായ ഓർമ്മകളാണ് അവളെക്കുറിച്ച് രൂപപ്പെടുന്ന ദൈവമാതാവിന്റെ സ്വരൂപം. പലരും അവളുടെ ജീവിതത്തെ ദുഃഖത്തിന്റെ കണ്ണുകളാണ് നോക്കുന്നത്, “അവൾക്കു ലഭിച്ചത് ദൈവത്തിന്റെ പ്രണയമല്ല, വേദനയാണ്” എന്നു വിലയിരുത്തുന്നവരും ഉണ്ടാകും.

പക്ഷേ അത്തരം നിമിഷങ്ങളിൽ അവൾ പറഞ്ഞ വാക്ക്

“ഞാൻ നിന്റെ ദാസി”

ഇവിടെ ‘ദാസി’ എന്ന പദത്തിൽ അലങ്കരിക്കാനാകാത്ത ഒരു സമ്പൂർണ സമർപ്പണത്തിന്റെ ഭാവമാണ്. ശരീരത്തിന്റെയും മനസ്സിന്റെയും മുഴുവൻ അധികാരവും ദൈവത്തിലേക്ക് കൈമാറുന്ന ഒരു ജീവിതമുറ.

അവൾ സ്വയം ‘ദാസി’യായി തീർന്നതുകൊണ്ടാണ് കാലം അവളെ ‘ദൈവമാതാവ്’ എന്ന് വിളിക്കുന്നത്.

ദൈവം അവളെ പ്രണയിച്ചത് ഒരു നിമിഷത്തിനായി മാത്രമല്ല; എല്ലാ നിമിഷങ്ങൾക്കും, എല്ലാ കാലങ്ങൾക്കും വേണ്ടിയാണ്. അവൾ എന്നുമുള്ള ദൈവമാതാവാണ്. മറിയം ലോകം കണ്ടിട്ടില്ലാത്ത ഒരു സാധാരണ പെൺകുട്ടി.

സാമൂഹ്യജീവിതത്തിന്റെ സൂക്ഷ്മതകളിൽ വളർന്ന അവളുടെ സ്വപ്നങ്ങൾ വളരെ സാധാരണവും അതേ സമയം അത്യന്തം സ്നേഹനിറഞ്ഞതുമായിരിക്കും.

സ്ത്രീകൾക്ക് വിവാഹജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ മനസ്സിൽ കൂടുതൽ താലോലിക്കപ്പെടും.

ഒരു വീട്ടുവളപ്പിന്റെ ചൂട്, ഒരു കുടുംബത്തിന്റെ നിത്യനിലാവുകൾ, ഒരു പുരുഷന്റെ സ്നേഹത്തിന്റെ ഉറപ്പുകൾ... എല്ലാം അവളുടെ ജീവിതത്തിൽ ഒരുനാളിൽ പെട്ടെന്നുതന്നെ മാറിമറിഞ്ഞു. അവളുടെ സ്വപ്നങ്ങൾ അവൾ ജീവിച്ചിരുന്ന ഗ്രാമീണ ചുറ്റുപാടുകളോടൊത്ത് കെട്ടിപ്പിണഞ്ഞവയായിരുന്നു. അവൾക്കെഴുതപ്പെടുന്നതുപോലെ ലളിതമായിരുന്നു അവളുടെ ഭാവി.

അവിടെ തന്നെയാണ്, അവൾ ദേവാലയത്തിൽ മാത്രം പരിചയമുള്ള ഒരു അത്യല്പ ശബ്ദം ആകാശത്തിന്റെ മൗനമെന്നതുപോലൊരു സമാധാനം നിറഞ്ഞ ‘ദൈവസാന്നിധ്യം’, അവളുടെ അരികിലേക്ക് തന്നെ വരുന്നത്.

സ്ത്രീകൾ നിൽക്കുന്ന ദേവാലയഭാഗത്ത് ആരാധനയിൽ നിറഞ്ഞുനിൽക്കുന്ന ഈ പെൺകുട്ടി, സ്വയം പോലും കേൾക്കാൻ കഴിയാത്ത അമ്പരപ്പിലാണ്. അവൾ ആരാധിച്ചു കൊണ്ടിരുന്ന ആ ദൈവം തന്നെ, “നീ എന്റെ അമ്മയാകും” എന്ന് പറയുമ്പോൾ. അവളുടെ ലോകത്ത് ദൈവത്തിന്റെ അമ്മമാരെപ്പറ്റി കേട്ട കഥകൾ ഉണ്ടായിരുന്നില്ല.

അവൾ ആരാധിച്ചിരുന്നു, പക്ഷേ അമ്മയായതായി അവൾ ഒരിക്കലും ചിന്തിച്ചിട്ടില്ല. ദൈവത്തെ തന്റെ ഉദരത്തിനുള്ളിൽ ചുമക്കാൻ തയാറാകുന്ന നിമിഷമാണ് അവളുടെ ജീവിതം ഒടുവിൽ അവളെ തന്നെ മറന്നുപോയത്. സ്വപ്നങ്ങൾ മെനഞ്ഞുകൂട്ടുന്ന ലോകത്തിൽ അവൾ തന്റെ സ്വപ്നത്തിൽ നിന്ന് സ്വയം പൂർണ്ണമായും പുറത്തുവന്നു.

**അവളിൽ ദൈവം:**

ദൈവം ഇപ്പോൾ അവളുടെ ഉദരത്തിനുള്ളിൽ, മനുഷ്യരൂപം കൈക്കൊള്ളുന്നവൻ അവളിൽ ഒരു മൃദുവായ നിശ്ശബ്ദമായി വളരുന്നു. അവൾ ഇനി ഒരു സാധാരണ പെൺകുട്ടിയല്ല, ദൈവത്തെ തന്റെ രക്തത്തിലൂടെ ശ്വസിപ്പിക്കുന്ന, തന്റെ ഹൃദയത്തിലൂടെ വളർത്തുന്ന, തന്റെ ഭയങ്ങളിലൂടെ സംരക്ഷിക്കുന്ന ഒരു ജീവജാലം.

മറക്കരുത്,

അവളിലാണ് ദൈവം.

അവളിൽ തന്നെയാണ് ദൈവം. അവളിലെ കരുത്താണ് അവളെ ദൈവം മാതാവാക്കി. □



## കുടുംബഡയക്ടറി പ്രകാശനം ചെയ്തു

തൊടുപുഴ-കിഴക്കേക്കര റോഡ് പ്രാർത്ഥന ഗ്രൂപ്പിന്റെ കുടുംബങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഡയറക്ടറി പ്രകാശനം ചെയ്തു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

ലേഖനം

ഫാ. അബിൻ സണ്ണി
സുൽത്താൻബത്തേരി



# ക്രിസ്തീയ കുടുംബവും സ്ത്രീകളും

ക്രിസ്തീയ വീക്ഷണത്തിലും ഓർത്തഡോക്സ് സഭയുടെ ദൈവശാസ്ത്രത്തിലും കുടുംബം ഒരു സാമൂഹിക സംവിധാനമോ നിയമപരമായ ബന്ധമോ മാത്രമല്ല, മറിച്ച് ദൈവസാന്നിധ്യം അനുഭവിക്കപ്പെടുന്ന ഒരു 'ചെറിയ സഭ' (Domestic Church) ആണ്. ഈ കുടുംബ ജീവിതത്തിൽ സ്ത്രീയുടെ സ്ഥാനം കേവലം ഭാര്യയുടെയോ മാതാവിന്റെയോ സ്ഥാനമല്ല അത് ദൈവത്തിന്റെ സൃഷ്ടിപദ്ധതിയിലും രക്ഷാകരചരിത്രത്തിലും പങ്കാളിയായ വ്യക്തിത്വമാണ്. പുരുഷനും സ്ത്രീയും ഒരേ ദൈവ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. 'ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ വേർതിരിച്ചു' (ഉല്പത്തി 1:27) എന്ന വചനം സ്ത്രീയുടെ അന്തസ്സും മഹത്വവും വെളിപ്പെടുത്തുന്നു.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ സ്ത്രീയെ മനസ്സിലാക്കുന്നതിനുള്ള ഏറ്റവും വലിയ മാതൃക പരിശുദ്ധ ദൈവമാതാവാണ്. മനുഷ്യരാശിയുടെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയിൽ വിശുദ്ധ മാതാവ് സ്വതന്ത്രമായ സമ്മതം നൽകി. 'ഇതാ, കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ' (ലൂക്കാ. 1:38) എന്ന മറുപടി മനുഷ്യസ്വാതന്ത്ര്യവും ദൈവകൃപയും തമ്മിലുള്ള സഹപ്രവർത്തനമായ Synergia യുടെ ഉത്തമ ഉദാഹരണമാണ്. അതുകൊണ്ട് ഓർത്തഡോക്സ് സഭ സ്ത്രീയെ കേവലം അനുസരിക്കുന്ന വ്യക്തിയായി കാണുന്നില്ല; മറിച്ച് ദൈവത്തോടൊപ്പം പ്രവർത്തിക്കുന്ന സഹപ്രവർത്തകയായി കാണുന്നു.

കുടുംബജീവിതത്തിൽ സ്ത്രീയുടെ പ്രധാന ദൗത്യം ജീവശാസ്ത്രപരമായ മാതൃത്വത്തിൽ മാത്രം ഒതുങ്ങുന്നില്ല. ആത്മീയ മാതൃത്വമാണ് അതിലും വലിയ വിളി. വിശ്വാസത്തിന്റെ ആദ്യ പാഠങ്ങൾ മക്കൾക്ക് പകർന്നു നൽകുന്നത് പലപ്പോഴും അമ്മയാണ്. പ്രാർത്ഥനയുടെ ഭാഷ, സ്നേഹത്തിന്റെ സംസ്കാരം, ക്ഷമയുടെ മഹത്വം, ദൈവവിശ്വാസത്തിന്റെ അടിത്തറ എന്നിവ കുടുംബത്തിൽ രൂപപ്പെടുന്നത് സ്ത്രീയുടെ സാക്ഷ്യജീവിതത്തിലൂടെയാണ്. വിശുദ്ധ പൗലോസ് തിമോത്തിയോസിന്റെ വിശ്വാസത്തെക്കുറിച്ച് പറയുമ്പോൾ അവന്റെ അമ്മയായ യൂനിക്കെയുടെയും മുത്തശ്ശിയായ ലോയിസിന്റെയും വിശ്വാസത്തെ ഓർക്കുന്നത് ഇതിന്റെ തെളിവാണ്.

സഭാപിതാവായ വിശുദ്ധ യോഹന്നാൻ ക്രിസോസ്തോം കുടുംബത്തെ 'ചെറിയ സഭ' എന്ന് വിശേഷിപ്പിക്കുമ്പോൾ, ഭാര്യയും മാതാവും ആ ചെറിയ സഭയുടെ ആത്മീയ വളർച്ചയിൽ നിർണായക പങ്ക് വഹിക്കുന്നുവെന്ന് പഠിപ്പിക്കുന്നു. കുടുംബപ്രാർത്ഥനകൾ, വിശുദ്ധ കുർബാനയിൽ പങ്കാളിത്തം, ഉപവാസജീവിതം, ദാനധർമ്മങ്ങൾ എന്നിവ കുടുംബസംസ്കാരമാകുന്നതിൽ സ്ത്രീയുടെ പങ്ക് അതുല്യമാണ്.

ഓർത്തഡോക്സ് ദൈവശാസ്ത്രം സ്ത്രീയുടെ മഹത്വത്തെ വിശുദ്ധ സ്ത്രീകളുടെ ജീവിതങ്ങളിലൂടെ ഉയർത്തിക്കാണിക്കുന്നു. വിശുദ്ധ മറിയം മഗ്ദലേനയെ 'അപ്പോസ്തോലന്മാർക്കുള്ള അപ്പോസ്തോല' (Apostle to the Apostles) എന്നാണ് സഭ വിളിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആദ്യ സാക്ഷിയായി അവൾ തിരഞ്ഞെടുക്കപ്പെട്ടു. ഇതിലൂടെ ദൈവരാജ്യത്തിൽ സ്ത്രീകൾക്കും സാക്ഷ്യത്തിന്റെയും ശുശ്രൂഷയുടെയും വലിയ ഉത്തരവാദിത്വമുണ്ടെന്ന് സഭ പ്രഖ്യാപിക്കുന്നു.

വിശുദ്ധ ഗ്രിഗറി ദി തിയോളജിയൻ പഠിപ്പിക്കുന്നത്, പുരുഷനും സ്ത്രീയും ഒരേ ദൈവിക ലക്ഷ്യത്തിനായാണ് സൃഷ്ടിക്കപ്പെട്ടത് എന്നതാണ്. ആ ലക്ഷ്യം Theosis, അഥവാ ദൈവസാദൃശ്യം പ്രാപിക്കലാണ്. കുടുംബജീവിതത്തിൽ സ്ത്രീ തന്റെ വിശ്വാസവും സ്നേഹവും ത്യാഗവും വഴി കുടുംബാംഗങ്ങളെ ഈ ദൈവിക ലക്ഷ്യത്തിലേക്ക് നയിക്കുന്നു.

ഇന്നത്തെ ലോകത്തിൽ സ്ത്രീയുടെ പങ്ക് വീടിന്റെ ചുമരുകൾക്കുള്ളിൽ മാത്രം ഒതുങ്ങുന്നില്ല. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹികസേവനം, സഭാപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ സജീവമായി പ്രവർത്തിക്കുമ്പോഴും അവൾ തന്റെ ക്രിസ്തീയ വിളിയെ ജീവിക്കുന്നു. എന്നാൽ ഓർത്തഡോക്സ് ദർശനത്തിൽ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രം വിശുദ്ധീകരണമാണ്. കുടുംബത്തെ വിശുദ്ധീകരിക്കുകയും കുടുംബത്തെ ദൈവസാന്നിധ്യത്തിന്റെ ഇടമാക്കുകയും ചെയ്യുക എന്നതാണ് സ്ത്രീയുടെ മഹത്തായ ദൗത്യം.

അതുകൊണ്ട് ഓർത്തഡോക്സ് ദൈവശാസ്ത്രത്തിലും ക്രിസ്തീയ വീക്ഷണത്തിലും സ്ത്രീ കുടുംബത്തിന്റെ ഒരു അംഗം മാത്രമല്ല; ദൈവകൃപയുടെ വാഹകയും വിശ്വാസത്തിന്റെ അധ്യാപികയും ആത്മീയ മാതാവും സ്നേഹത്തിന്റെ പ്രതിരൂപവും കുടുംബത്തെ ദൈവരാജ്യത്തിന്റെ പ്രതിഫലനമാക്കുന്ന സഹപ്രവർത്തകയുമാണ്. കുടുംബത്തെ വിശുദ്ധമാക്കുന്ന സ്ത്രീ സമൂഹത്തെയും സഭയെയും വിശുദ്ധമാക്കുന്നു. അതിനാൽ ക്രിസ്തീയ കുടുംബനിർമാണത്തിൽ സ്ത്രീയുടെ പങ്ക് ഒരു ഉത്തരവാദിത്വം മാത്രമല്ല, ദൈവം നൽകിയ ഒരു വിശുദ്ധ വിളിയാണ്. □

ലേഖനം

അൽസ തമ്പി



# നല്ലിടയന്റെ സ്നേഹ തണലിൽ



പ്രഭാതം എല്ലാവരെയും ആകർഷിക്കുന്നു. സുഖകരമായ വിശ്രമത്തിനുശേഷം ഉണർവിന്റെ പുതിയ തുരുത്തിനെ തിരിച്ചറിയുവാനുള്ള ആകാംക്ഷ. സുന്ദരമായ പ്രകൃതി. പ്രഭാതത്തിൽ സൂര്യകിരണങ്ങളുടെ പ്രകാശം ഒരു പുതിയ ഉണർവും ഊർജ്ജവും പകരുന്നു. തിരുവചനം പറയുന്നു, വിശുദ്ധ മത്തായി 5 (14,16) 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മനുഷ്യർ നിങ്ങളുടെ സത് പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'. ദൈവപ്രകാശത്തിന്റെ ദൂതനായി താൻ കാലടി വച്ചുനടക്കുന്ന ഇടങ്ങളിൽ എല്ലാം സ്നേഹത്തിന്റെ, കരുതലിന്റെ വെളിച്ചം പ്രസരിപ്പിക്കുന്ന ഇടയനാണ് നമ്മുടെ തിരുമേനി, അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആത്മബലം അഭിവന്ദ്യ പിതാവിന്റെ പ്രാർത്ഥനയും കരുതലും ലാളിത്യവും ദീർഘവീക്ഷണവും സ്നേഹവുമാണ്. അഭി. തിരുമേനിയോടൊപ്പം മർത്തമറിയം സമാജത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ അവസരം ലഭിച്ചിട്ടുണ്ട്. ആ ശുശ്രൂഷയിലുള്ള അനുഭവത്തെക്കുറിച്ചും അഭി. തിരുമേനിയുടെ വചനശുശ്രൂഷകളിൽ നിന്ന് ചില ചിന്തകളും പങ്കുവയ്ക്കുവാൻ ശ്രമിക്കുകയാണിവിടെ.

നാം എങ്ങനെയാണ് ദൈവസ്നേഹം അനുഭവിച്ചറിയുന്നത് നാം നമ്മെ തന്നെ തിരിച്ചറിയുകയും നമ്മുടെ നന്മയും തിന്മയും വിലയിരുത്തുകയും നമ്മുടെ തിന്മകളെ നിരുത്സാഹപ്പെടുത്തി ഒഴിവാക്കി നന്മകളെ പ്രോത്സാഹിപ്പിക്കുമ്പോഴാണ് ദൈവസ്നേഹം നമ്മുടെ ഉള്ളിൽ നിറയുന്നത്. ദൈവം നമ്മുടെ ജീവിതത്തിൽ ഓരോ നിമിഷവും ഇടപെടുന്നു എന്ന സത്യവും ഇതിലൂടെ മനസിലാകും.

'ഞാൻ അങ്ങയെ കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാലെ അങ്ങയെ കാണുന്നു'. ഇയ്യോബ് 42:8. ഈ വാക്യം പറയുന്നപോലെ വാസ്തവമായും ഇതു തിരിച്ചറിയുവാനും ദൈവസ്നേഹം അനുഭവിച്ചറിയുവാനും എനിക്ക് പ്രചോദനമായത് അഭിവന്ദ്യ പിതാവിന്റെ വചന ശുശ്രൂഷകളാണ് എന്നത് ഏറെ ആദരവോടെ പങ്കുവെയ്ക്കുന്നു.

പരിശുദ്ധ മറിയത്തെപ്പറ്റി സമാജത്തിന്റെ സമ്മേളനങ്ങളിൽ അഭിവന്ദ്യ പിതാവ് പങ്കുവയ്ക്കുന്ന ചിന്തകൾ ഒരു സ്ത്രീയെന്ന നിലയിൽ എനിക്കേറെ കരുത്തു പകർന്നു തന്നിട്ടുണ്ട്. മറിയം ഏറ്റെടുക്കുന്ന ദൗത്യം സർവ്വജനത്തിന്റെയും രക്ഷയ്ക്കുവേണ്ടിയാണെന്നും. മറിയത്തെ കരുത്തുള്ളവളായും സമൂഹത്തിൽ ശബ്ദമില്ലാത്തവരുടെ പ്രതീകമായുമൊക്കെ അവതരിപ്പിക്കുമ്പോൾ പരിശുദ്ധ മാതാവിന്റെ ജീവിതം മാതൃകയാക്കി നമ്മുടെ ജീവിതത്തിൽ കൊണ്ടുവരേണ്ട മാറ്റങ്ങൾ വ്യക്തമാവുകയായിരുന്നു. സ്ത്രീ സമൂഹത്തിൽ തന്റെ നിയോഗം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിൽ മടുത്തുപോകരുത്. അനുഗ്രഹീതമായ സ്ത്രീത്വത്തിന്റെ നിയോഗം തിരിച്ചറിഞ്ഞ് നമ്മുടെ പെൺകുട്ടികളെ സ്വാതന്ത്ര്യ ബോധത്തോടെ വളർത്തേണ്ടതുണ്ടെന്നും തിരുമേനി നിരന്തരം ഓർമ്മിപ്പിക്കുന്നുണ്ട്.

സഭാ തർക്കം പിതാവിന് എന്നും ഒരു വേദന തന്നെയാണ്. സഭയുടെ വീഴ്ചയാണ് സഭയുടെ വിഭജനമെന്നും ഓരോ സഭയും അതിന്റെ വീഴ്ചകൾ മനസ്സിലാക്കി തിരുത്തണമെന്നും പിതാവ് പറയും. അതിർവരമ്പുകൾ ശക്തമാക്കുന്നതിന് പകരം സമസ്ത സൃഷ്ടിയെയും ഐക്യത്തിലേക്ക് നയിക്കുന്നതാണ് സഭയുടെ ദൗത്യം. ക്രിസ്തു സ്നേഹത്തിലുള്ള കൂട്ടായ്മയിൽ നിലനിൽക്കാൻ സഭയ്ക്ക് കഴിയണമെന്നതാണ് പിതാവിന്റെ പഠിപ്പിക്കൽ.

സാമൂഹ്യനന്മയെപ്പറ്റി അഭിവന്ദ്യ പിതാവിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഒരു സമൂഹത്തിന്റെ നന്മ സ്വപ്നം

കാണുന്നവർ കേവലം കാരുണ്യപ്രവർത്തികൾ ഒരു പ്രൊജക്റ്റ് പോലെ ചെയ്തു അവസാനിപ്പിക്കുകയല്ല വേണ്ടത്. പ്രതിസന്ധികളിൽ ആയിരിക്കുന്ന സമൂഹത്തെ ഇട്ടെറിഞ്ഞു പോവുകയല്ല ചെയ്യേണ്ടത്, അവിടെ നിന്നു തന്നെ ലഭ്യമായ സാധ്യതകൾ കണ്ടെത്തി ആ സമൂഹത്തെ ഉയർത്താൻ ശ്രമിക്കണം. നമ്മൾ ഏതു സാഹചര്യത്തിൽ ആയാലും, അതിനുള്ളിൽ നിന്നുകൊണ്ട് സമൂഹത്തിന്റെ വളർച്ചയിൽ സഹകരിക്കേണ്ട ബാധ്യത നമുക്കുണ്ട്. പരിമിതികളുടെയും വലിപ്പ-ചെറുപ്പത്തിന്റെയും അടിസ്ഥാനത്തിൽ കൂട്ടായ്മ തകർന്നുപോകാതെ ശ്രദ്ധിക്കണമെന്നു അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിക്കുന്നുണ്ട്. കുറവുള്ളവരെ ബലഹീനരെ അവഗണിച്ചുള്ള പ്രവർത്തനങ്ങൾ ദൈവ നീതിയല്ല. അവരെ പരിഗണിക്കുക കരുതുക എന്നതാണ് ദൈവീക നീതി. ശിഷ്യന്മാർ കർത്താവിന്റെ നിർദ്ദേശമനുസരിച്ച് വല വീശിയപ്പോൾ വല നിറയെ മീൻ കിട്ടി. കടന്നുപോകുന്ന ജീവിത സാഹചര്യങ്ങളിൽ കർത്തൃസാന്നിധ്യം തിരിച്ചറിയാൻ കഴിയണം. നമ്മുടെ ജീവിതത്തിൽ വന്നുപോയ കുറവുകളിലും ഉപേക്ഷിക്കപ്പെട്ടുവെന്നു നാം ചിന്തിക്കുന്ന സാഹചര്യത്തിലും നമ്മെ കരുതുന്നവനാണ് കർത്താവ് എന്ന ധൈര്യമാണ് നമുക്ക് ഉണ്ടാകേണ്ടത്.


സ്ത്രീ ശക്തീകരണം എല്ലായ്പ്പോഴും അഭി. പിതാവിന്റെ ചിന്തയിലും പ്രസംഗത്തിലും പ്രവർത്തനങ്ങളിലും നമുക്ക് കാണാം. കുടുംബത്തെ നയിക്കുന്ന വ്യക്തിത്വമാണ് അമ്മ. കുടുംബത്തിലും സഭയിലും തങ്ങളുടെ സാന്നിധ്യം അറിയിക്കുന്ന സ്ത്രീ യഥാർത്ഥത്തിൽ സമൂഹത്തെയാണ് ശക്തികരിക്കുന്നത്. ദൈവം തമ്പുരാൻ നൽകുന്ന ഉത്തരവാദിത്വമേറ്റെടുക്കുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. നിയോഗങ്ങൾ തിരിച്ചറിയണം. കഴിവുകൾ സ്വയം തിരിച്ചറിഞ്ഞു സമൂഹത്തിന് പ്രയോജനപ്പെടുത്തണം.

നമ്മുടെ ഉള്ളിൽ എരിയുന്ന തീ ജ്വാലയെ തണുപ്പിക്കുന്ന കുളിർമഴയുടെ തലോടലാണ് അഭിവന്ദ്യ തിരുമേനിയുടെ ഓരോ വചനശുശ്രൂഷയും. എന്നാൽ ചില സന്ദർഭങ്ങളിൽ ഉള്ളിൽ കനൽ കോരിയിടുന്ന അനുഭവമാണ് ഉണ്ടാകുന്നത്. കണ്ടിട്ടും കേട്ടിട്ടും പ്രതികരിക്കാതെ പോകുന്ന വിഷയങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന അത്തരം പ്രസംഗങ്ങൾ ഉള്ളിലെ കനലിനെ പ്രോജ്വലിപ്പിക്കും.

അഭിവന്ദ്യ തിരുമേനിയുടെ സ്നേഹവും കരുതലും പ്രോത്സാഹനവും ധൈര്യവും പ്രത്യാശയും തിരുത്തലുകളും പകരുന്ന സന്ദേശങ്ങളെ മറക്കാൻ സാധിക്കില്ല. അവ ജീവിതത്തിൽ പകർന്നു നൽകിയ വെളിച്ചം കെട്ടുപോകാതിരിക്കട്ടെ എന്നാണ് പ്രാർത്ഥന.

തിരുമേനി എന്നോടും ഞാൻ തിരുമേനിയോടും അധികം ഒന്നും സംസാരിച്ചിട്ടില്ല. എന്നാൽ ഭദ്രാസനത്തിലെ മർത്തമറിയം സമാജത്തിലെ ഒരു എളിയ പ്രവർത്തക എന്നനിലയിൽ അദ്ദേഹത്തിന്റെ സ്നേഹവും കരുതലും ആവോളം ആസ്വദിച്ചിട്ടുണ്ട്.

തന്റെ ജനത്തെ ഓരോരുത്തരെയും തിരിച്ചറിയുന്ന നല്ല ഇടയനായ അഭിവന്ദ്യ തിരുമേനിക്ക് സ്നേഹത്തോടെ ആദരവോടെ പ്രാർത്ഥനകളും ജന്മദിനാശംസകളും സമർപ്പിക്കുന്നു. പിതാവിന്റെ സാന്നിധ്യവും സ്നേഹവും ഉപദേശങ്ങളും ഭാവിയിലും ഞങ്ങൾക്ക് ശരിയായ ദിശാബോധം നൽകും എന്നതിൽ ഏറെ സന്തോഷിക്കുന്നു. പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ചുള്ള ഞങ്ങളുടെ ഒരു വർഷത്തെ സ്നേഹ പ്രവർത്തനങ്ങൾ ദൈവ സന്നിധിയിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥനയോടെ...




## വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ

നമ്മുടെ ഇടവകയിൽ ആണ്ടുതോറും നടത്തി വരാറുള്ള വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ 2026 മെയ് മാസം 8, 9 (വെള്ളി, ശനി) തീയതികളിൽ നടത്തപ്പെട്ടു. 8-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് സന്ധ്യാ നമസ്കാരവും വചന ശുശ്രൂഷയും 9-ാം തീയതി ശനിയാഴ്ച രാവിലെ 6.30 ന് പ്രഭാത പ്രാർത്ഥനയും 7 മണിക്ക് വി. കുർബാനയും തുടർന്ന് വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടിയിലേക്കുള്ള പ്രദിക്ഷിണവും ആശീർവാദവും നടന്നു. ഈ പെരുന്നാളിൽ എല്ലാ കുടുംബങ്ങളും നേർച്ച കാഴ്ചകളോടെ വന്നു സംബന്ധിച്ചു. നമ്മുടെ അഭി. തിരുമേനി പെരുന്നാൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഈ വർഷത്തെ പെരുന്നാൾ ഏറ്റുകഴിച്ചത് **കുളങ്ങരയിൽ ശ്രീ. കെ. പി. പൗലോസും കുടുബവുമാണ്.**

ലേഖനം

ജെ ക്രൈസ്റ്റ് വോൺ



# കാലബോധം

Crucifixion Tour എന്നറിയപ്പെട്ടൊരു ടൈം ട്രാവൽ കഥയുണ്ട്. Garry Kilworth എഴുതിയ 'Let's Go to Golgotha' എന്നൊരു കഥയാണ്. The Songbirds of Pain എന്ന പുസ്തകത്തിൽ നിന്നുമാണത്.

ഭൂതത്തിന്റെ ഭാവികാല കഥയാണത്. ഒരു വിനോദ സഞ്ചാരമായി ടൈം ട്രാവൽ മാറിയ ഭാവികാലത്താണ് ഈ കഥ നടക്കുന്നത്. അവധിക്കാലം ആഘോഷിക്കാനുള്ള ബഹിരാകാശ യാത്രകൾക്ക് വലിയ ചിലവായതുകൊണ്ട് നായകൻ ഹാരിയും കുടുംബവും കൂട്ടുകാരൻ സൈമണും ഒരു ടൂർ ഏജൻസി വഴി ഭൂതകാലത്തേക്ക് വിനോദയാത്ര പോകാൻ തീരുമാനിക്കുന്നു.

ക്രിസ്തുവിന്റെ കുരിശാരോഹണം നേരിട്ട് കാണുക എന്ന ഓപ്ഷനാണ് അവർ തിരഞ്ഞെടുക്കുന്നത്. എത്ര വലിയ കഥയും കണ്ണീരുമാണെങ്കിലും ചരിത്രം മാറ്റിയെഴുതാൻ പാടില്ല എന്നത് ടൈം ട്രാവൽ ഏജൻസിയുടെ കർശന നിയമമാണ്. അതിനാൽ അവർ പോകുന്ന കാലത്തെ വസ്ത്രങ്ങൾ ധരിച്ച്, അവരിലൊരാളായി വേണം ജനക്കൂട്ടത്തിൽ നിൽക്കാൻ എന്നതൊരു കഠിന നിഷ്കർഷ്ശനമായിരുന്നു. അങ്ങനെ കാലം അവർക്കായി ഒന്ന് പിന്നോട്ടു കറങ്ങി മുന്നിൽ നിന്നു. സാക്ഷാൽ ദൈവപുത്രനാണ് ഇപ്പോൾ മുമ്പിൽ.

സീൻ പീലാത്തോസ് കൈകഴുന്നിടത്താണ് എത്തി നിൽക്കുന്നത്. പീലാത്തോസ് യേശുവിനെ ജനക്കൂട്ടത്തിന് മുന്നിൽ കൊണ്ടുവന്ന് വിധി ചോദിക്കുന്ന സമയമാണ്. ചരിത്രം നിലനിർത്തിയേ പറ്റൂ. അതിനു പുറം താങ്ങ് എന്ന വിധം വിനോദസഞ്ചാരികളോട് 'അവനെ ക്രൂശിക്കുക! ബറാബ്ബാസിനെ വിട്ടുതരിക' എന്ന് മുറവിളി കൂട്ടാൻ ടൂർ ഏജൻസി ആവശ്യപ്പെട്ടിരുന്നു. ജനക്കൂട്ടത്തിൽ നിൽക്കുന്ന സൈമൺ മനസ്സില്ലാമനസ്സോടെ ആദ്യം തന്നെ അത് വിളിച്ചു പറഞ്ഞു. ചുറ്റുമുള്ള ജനക്കൂട്ടവും ഏറ്റുവിളിച്ചു!

ചരിത്രം വിധി തിരുത്തിയില്ല. കർത്താവിനെ കുരിശിലേയ്ക്ക് എറിഞ്ഞ് പീലാത്തോസ് കൈകഴുകി! ടൈം ട്രാവൽ കഴിഞ്ഞാലും സൈമൺ ഇനി എങ്ങിനെ കൈ കഴുകും? കഥാവസാനം സൈമൺ ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. അന്ന് അവനെ ക്രൂശിക്കൂ എന്ന് വിളിച്ചു കൂവിയവരാരും

ആ കാലഘട്ടത്തിൽ നിന്നുമുള്ളവരല്ല! അവരെല്ലാം തന്നെ ഇന്നിന്റെ ടൈം ട്രാവലുകാരാണ്.

അവിടെ എവിടെയോ ഞാനുമുണ്ട്!

ഇന്നിന്റെ എനിക്കു നിരക്കാത്തതായുള്ള എന്തോ ഒന്ന് രണ്ടായിരം വർഷം മുമ്പ് പിറന്ന അവനിലുണ്ട്, അവനെ ക്രൂശ്ശിക്കുക!

അവനെ നടുത്തളത്തിൽ നിർത്തി കാലത്തെ നമ്മൾ വിഭജിച്ചിട്ടും. ക്രിസ്തുവെന്ന സ്നേഹത്തിന്റെ അളവുകോൽ നോക്കി രണ്ടായിരം വർഷം പരിണമിച്ചിട്ടും അവന്റെ മുമ്പിലെത്തിനിൽക്കുമ്പോൾ അവനെ പിന്തുടരുന്നവർക്ക് അവൻ ഉതകാത്തതായി തോന്നുന്നു.

അവിടുത്തെ ഒന്നുകാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് നെടുവീർപ്പിട്ടവർ എത്രയോപേർ ചരിത്രത്തിലുണ്ട്.

ഇടറിവീണൊരുവൾ ഗുരുവിന്റെ കാൽപ്പാദം കണ്ണീരിൽ കഴുകി എന്ന് വായിക്കുകയായിരുന്നു വിവേകാനന്ദൻ. തെല്ലൊന്ന് നെടുവീർപ്പിട്ട് അവിടുന്ന് പറഞ്ഞു, 'ഞാൻ എന്റെ കണ്ണീരുകൊണ്ടല്ല, ഹൃദയരക്തം കൊണ്ടാവും അവിടുത്തെ പാദം കഴുകിയിട്ടുണ്ടായിരിക്കുക'.

ഇല്ല! നമ്മളൊരുങ്ങിയിട്ടില്ല!

പ്രാവിന്റെ നിഷ്കളങ്കതയിൽ എത്താത്തിടത്തോളവും, സുഖലോലുപതയുടെ ചെരുപ്പുകൾ മാറി മാറി ധരിക്കുവോളവും, കീഴടക്കലുകളുടെ ഊന്നുവടികൾ കൈയ്യിലിരിക്കുവോളവും, അനീതിയുടെ അരപ്പട്ടയിൽ എണ്ണമറ്റ ക്രെഡിറ്റ് കാർഡുകൾ അടുങ്ങി ഇരിക്കുവോളവും, ഇട്ടിരിക്കുന്ന രണ്ടാം ഉടുപ്പിന്റെ കുംഭയിൽ ആർഭാടം അലയടിക്കുവോളവും നമ്മൾ ഗുരുക്കൻമാർക്കായ് ഒരുങ്ങിയിട്ടേ ഇല്ല!

അവിടുത്തെ വീണ്ടും വരവിനെക്കുറിച്ചുള്ള ധ്യാനമാണ്! ക്രിസ്തു എന്തിനാണ് വീണ്ടും വരുന്നത്? സെന്റ് പോൾ പറയുന്നതുപോലെ അവിടുത്തെ പ്രതി സകലതും കുപ്പയെന്ന് എണ്ണാത്തിടത്തോളം അത് അർത്ഥരഹിതമാകുന്നു.

പീലാത്തോസിന്റെ അരമനമുറ്റത്ത് അവിടുന്നിപ്പോഴും കൈകെട്ടി നിൽപ്പുണ്ട്. നമുക്ക് അങ്ങോട്ട് പോകാമല്ലോ! മധുരക്കിനാവിന്റെ മായാവിമാനത്തിന് മനുജനെ കൊണ്ടുപോകാൻ കഴിയില്ലെന്ന് ആരാണ് പറഞ്ഞത്?

ശിഷ്യൻ സത്സംഗിൽ തമാശ കീറുകയാണ്. ഒരാൾ ടൈം ട്രാവൽ ചെയ്തു ഒരു കടയിൽ കയറി.

കടക്കാരൻ: എന്തു വേണം?

സഞ്ചാരി: നാളത്തെ പത്രം!

കടക്കാരൻ: പണം തരൂ.


സഞ്ചാരി: നാളത്തെ ലോട്ടറി നമ്പർ പറഞ്ഞാൽ തരാം!

ഭീകര ബുദ്ധി വേണ്ടുന്ന തമാശയായതുകൊണ്ട് ഗുരു മാത്രം ചിരിച്ചില്ല!

ശിഷ്യൻ: എല്ലാരും ചിരിച്ചു, ഗുരുവേ നിങ്ങൾക്ക് കത്തിയില്ലേ?

ഗുരു: കത്താഞ്ഞിട്ടല്ല! ഇജ്ജ്യാതി ഒരെണ്ണം ഇന്ന് നീ പറയും എന്നോർത്ത് ഇന്നലെ തന്നെ ഞാൻ സങ്കടപ്പെട്ടിരിക്കുകയായിരുന്നു!

□




## ജൂബിലി ഹോം

കർത്താവിൽ പ്രിയരേ,

അഭി. തിരുമേനിയുടെ ജന്മദിനത്തോട് അനുബന്ധിച്ചു നമ്മുടെ ഇടവകയിൽ ഭവനരഹിതരായ ആളുകൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന 'ജൂബിലി ഭവനപദ്ധതിയെപ്പറ്റി' എല്ലാവരും അറിഞ്ഞു കാണുമല്ലോ. ഇതിലേക്കു നിങ്ങളുടെ 5 സെന്റ് സ്ഥലം ദാനമായി നൽകി ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. നിങ്ങൾ നൽകുന്ന സ്ഥലത്തു ഇടവകയുടെ നേതൃത്വത്തിൽ ഭവനം നിർമ്മിച്ചു അർഹരായ കുടുംബത്തിനു നൽകും. സ്ഥലം നൽകുവാൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ വിവരം അറിയിക്കണം.

നമ്മോടൊപ്പം ആരാധനയിൽ സംബന്ധിക്കുന്ന ആളുകൾ ഭവനരഹിതരാണെങ്കിൽ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത് നമ്മൾതന്നെയാണ്. ഒരു ഭവനം നിർമ്മിച്ചു നൽകുന്നതിലൂടെ ദൈവരാജ്യ നിർമ്മിതിയിലാണ് നാം പങ്കാളികൾ ആകുന്നത്. ഉപയോഗശൂന്യമായി കിടക്കുന്ന നമ്മുടെ സ്ഥലങ്ങൾ മറ്റൊരാൾക്ക് പാർപ്പിടമാകുമെന്ന സന്തോഷത്തിൽ നിങ്ങളുടെ സ്ഥലം നൽകാൻ തയ്യാറാകണം. ഈ കാര്യത്തിൽ ദൈവാത്മാവ് നമ്മെ നിർബന്ധിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## 'സേല' (Selah) ബുക്ക് ക്ലബ്ബ്



ഒരു പുസ്തകം തുറക്കുമ്പോൾ, നാം ഒരു പുതിയ ലോകത്തേക്ക് കാലെടുത്തുവെക്കുകയാണ്. അറിവിന്റെയും വിശാലമായ ചിന്തകളുടെയും ലോകം നമുക്കായി തുറന്നുതരുന്ന വായനയെ ജീവിതത്തിന്റെ ഭാഗമാക്കാം. ഈ ഉദ്ദേശത്തോടെ ജൂൺ 19 വായനദിനത്തിൽ നമ്മുടെ ഇടവകയിൽ 'സേല' (Selah) എന്നപേരിൽ ഒരു Book Club ആരംഭിച്ചു.

ഈ വായന കൂട്ടായ്മയിൽ നമ്മുടെ ഇടവകയിൽ പ്രായഭേദമെന്യേ ആർക്കും അംഗങ്ങളാകാം. ഈ ബുക്ക് ക്ലബ്ബിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ പേരും ഫോൺ നമ്പറും നൽകി രജിസ്റ്റർ ചെയ്യണം. അതിനു ശേഷം അവർക്കുവേണ്ടി ക്ലബ്ബിന്റെ പ്രവർത്തനത്തെപ്പറ്റി പ്രത്യേക ക്ലാസ് ഉണ്ടാകും. പുസ്തകങ്ങളെ സ്നേഹിക്കുന്ന വായിക്കുവാൻ താത്പര്യമുള്ള എല്ലാവർക്കും സ്വാഗതം.

**രജിസ്റ്റർ ചെയ്യേണ്ടതിനു വിളിക്കേണ്ട നമ്പർ: +91 82816 55269**

# ST. THOMAS CATHEDRAL MUVATTUPUZHA

## Calendar & Prayer Meeting Schedule

**JULY**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

- 05 Shymol Sabu, Neerumthanathu, Mob: 9605567138
- 12 Tobin Joseph, Pulikkeel, Mob: 7829988082
- 19 K. V. Paulose, Valiyakulangara, Mob: 9497688261
- 26 Surjith Esthose, Puthenpurayil, Mob: 9447061672

**AUGUST**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| 30 | 31 | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

- 02 Baby Kurian, Kattupadath, Mob: 94963 32780
- 09 Paul P., Kallumkal, Mob: 9388800515
- 16 Raju Thomas, Kottarathil, Mob: 8281395130
- 23 Cibi Eldho Markose, Chelattu, Mob: 9744097200
- 30 Roy Kurian, Kuttisrakudiyil, Mob: 9496431348

**SEPTEMBER**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

- 06 Biju Mathew, Olickal, Mob: 9074278794
- 13 Baisy George,Chenganakunnel, Mob: 94470 37615
- 20 Dr. Alex Itticheria, Vallakkalil, Mob: 9447575005
- 27 Jose T. J., Vettikattumalayil, Mob: 8593003801

## കവിത



### നന്ദി ദൈവമേ

**ലൗമി ജോൺ**

കനിഞ്ഞുവല്ലോ എന്റെ ദൈവ പുത്രാ
നല്ല ദാനങ്ങളെ നൽകിടുവാൻ
ആർത്തിയോടെ എല്ലാം യാചിച്ചപ്പോൾ
ഏഴയെ ഒട്ടും നീ തള്ളിയില്ല

1. വൈരൂപിയായി ഞാൻ ജീവിച്ചപ്പോൾ
മെനഞ്ഞുവല്ലോ തിരുവൻകരത്താൽ
ഏകാകിയായി ഞാൻ അലഞ്ഞിടുവാൻ
ഇടവരുത്തിയില്ലെൻ യേശുനാഥൻ

2. എനിക്കു ലഭിച്ച അനുഗ്രഹങ്ങൾ
ഓർത്തിടുമ്പോൾ എന്റെ ഹൃത്തിടവും
തുള്ളിത്തുള്ളി തുടിച്ചാനന്ദിച്ചു
ആർത്താർത്തു പാടി സ്തുതിക്കും ദിനം

3. ഓരോ നിമിഷവും പോലും എന്നെ
ഉള്ളം കയ്യിൽ പരിപാലിക്കുന്നു
ഞാനും എനിക്കുള്ള സർവ്വതുമേ
യേശുവിൻ തൃപ്പാതെ അർപ്പിക്കുന്നു.

## Self Enumeration

രാജ്യത്തെ ആദ്യ ഡിജിറ്റൽ സെൻസസിൽ നമ്മുടെ ഇടവകയും പങ്കെടുത്തു. ഡിജിറ്റൽ സെൻസസിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള (Self Enumeration) സൗകര്യം 2026 ജൂൺ 16 മുതൽ 30 വരെ ലഭ്യമാക്കി.

നമ്മുടെ ഇടവകയിൽ ഡിജിറ്റൽ സെൻസസിന്റെ ഭാഗമാകുവാൻ പരിമിതികൾ ഉള്ളവർക്കുവേണ്ടി (സ്മാർട്ട് ഫോൺ/കമ്പ്യൂട്ടർ ഇല്ലാത്തവർ, ഉപയോഗിക്കാൻ അറിയാത്തവർ) 21-06-2026 ഞായറാഴ്ച നമ്മുടെ കത്തീഡ്രലിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഒരു Help Desk നമ്മുടെ പാരിഷ് ഹാളിൽ പ്രവർത്തിച്ചു. മൂവാറ്റുപുഴ വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥനും നമ്മുടെ ഇടവകാംഗവുമായ ശ്രീ. ജോർജ് നേതൃത്വം നൽകിയ Help Desk വഴി ഇടവകയിലെ 30 ഓളം കുടുംബങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി.





